(സി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ നഗരസഭയുടെ അനുമതിയോടുകൂടിയാണോ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്ലാനും എസ്റ്റിമേറ്റും അനുസരിച്ചാണോ നിർമ്മാണം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ഇ) സ്ഥലം സന്ദർശിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് വിജിലൻസ് ഓഫീസർ വസ്തു ഉടമകൾ കെട്ടിടനിർമ്മാണ ചട്ടം ലംഘിച്ച് മതിൽ കെട്ടിയിട്ടുള്ളതായി കണ്ടെത്തി മേൽ നടപടിക്കായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ജി) ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും ആലപ്പുഴ സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(എച്ച്) അന്യായമായി റോഡിലേയ്ക്ക് ഇറക്കിക്കെട്ടി യാത്ര ദുഷ്ക്കരമാക്കുന്ന മതിലുകൾ പൊളിച്ചുമാറ്റുന്നതിനും റോഡ് വീതി കൂട്ടുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്.ടി.പി. (വിജിലൻസ്) മുഖേന അന്വേഷണം നടത്തുകയുണ്ടായി.

(സി) നഗരസഭയുടെ അനുമതി വാങ്ങിയിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ചട്ടം ലംഘിച്ച് നിർമ്മാണം നടത്തിയതായി കാണുന്നില്ലെന്നാണ് റിപ്പോർട്ട് ചെയ്തത്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഉണ്ട്. റിപ്പോർട്ട് കിട്ടിയിട്ടില്ല.

(എച്ച്) പഴയ മതിൽ പൊളിച്ചുമാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ് ജംഗ്ഷനിൽ സ്പ്ലേ ആവശ്യത്തിനായി സ്ഥലം വിട്ടുകിട്ടുന്നതിന് ഗൾഫർ റോഡിന്റെയും കുതിരപ്പന്തി റോഡിന്റെയും ജംഗ്ഷനിൽ വരുന്ന സ്ഥലം ഉടമകൾ, മുനിസിപ്പൽ ചെയർമാൻ, മുനിസിപ്പൽ സെക്രട്ടറി, ഇലക്ട്രിസിറ്റി ബോർഡ്, ടെലിഫോൺസ് എന്നിവയിലെ ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു മീറ്റിംഗ് ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ കൂടി തീരുമാനം എടുക്കുവാൻ മുനിസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

357 (1560) ഗുരുവായൂർ മാസ്റ്റർ പ്ലാൻ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കെ ഇന്ത്യയിലെ പ്രധാന ക്ഷേത്രനഗരമായ ഗുരുവായൂരിലെ വർദ്ധിച്ചുവരുന്ന തീർത്ഥാടകരുടെ തിരക്ക് കണക്കിലെടുത്ത് ഭക്തജനങ്ങളുടെ സൗകര്യത്തിനായി സർക്കാർതലത്തിൽ എന്തു നടപടികളാണ് പ്രത്യേകമായി സ്വീകരിച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ ശബരിമല സീസണായ ഡിസംബർ-ജനുവരി മാസങ്ങളിൽ ഭക്തജനങ്ങൾക്ക് താമസിക്കുന്നതിനും പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനുപോലും ബുദ്ധിമുട്ടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോൾ ഗുരുവായൂർ നഗരസഭയും ഗുരുവായൂർ ദേവസ്വവും നടപ്പിലാക്കിവരുന്ന താൽക്കാലിക സമ്പ്രദായത്തിന് ബദലായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ പണം നഗരസഭയ്ക്കു ലഭിക്കുമോ;

(ഡി) ഭക്തജനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ താമസിക്കുന്നതിനായി തിരുപ്പതി, ധർമ്മസ്ഥലം എന്നീ ക്ഷേത്രങ്ങളിൽ നിലവിലുള്ളപോലെ സത്രം പണിയുന്നതിന് സർക്കാർ മുൻകൈ എടുക്കുമോ; ഇത് സംബന്ധിച്ച് ഹഡ്കോ തുടങ്ങിയ കേന്ദ്ര ഏജൻസികളുടെ സഹായം അഭ്യർത്ഥിക്കുമോ;

(ഇ) ക്ഷേത്ര നഗരമായ ഗുരുവായൂരിന്റെ പ്രത്യേകത കണക്കിലെടുത്ത് ഗുരുവായൂർ നഗരസഭയും ഗുരുവായൂർ ദേവസ്വവും സർക്കാരും സഹകരിച്ച് ഇവിടത്തേയ്ക്ക് എന്തെങ്കിലും പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര ധനകാര്യ കമ്മിഷന് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗുരുവായൂരിൽ എത്തുന്ന ഭക്തജനങ്ങൾക്ക് ഗുരുവായൂർ നഗരസഭയും ഗുരുവായൂർ ദേവസ്വം ബോർഡും വിവിധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. സർക്കാർതലത്തിൽ ഇക്കാര്യത്തിൽ പ്രത്യേകമായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) 100 പേർക്ക് ഉപയോഗിക്കാവുന്ന താൽക്കാലിക കക്കൂസുകൾ തീർത്ഥാടകരുടെ സൗകര്യാർത്ഥം ഗുരുവായൂർ നഗരസഭ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള നഗരസഭവക കംഫർട്ട് സ്റ്റേഷനുകൾ വൃത്തിയാക്കി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ജനകീയാസൂത്രണ പദ്ധതിപ്രകാരം പദ്ധതിവിഹിതത്തിന്റെ നാൽപ്പതു ശതമാനത്തോളം തുക സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നുണ്ട്.

(ഡി) ഭക്തജനങ്ങൾക്ക് ചുരുങ്ങിയ ചെലവിൽ താമസിക്കുന്നതിനായി കെട്ടിടം നിർമ്മിക്കുവാൻ ഗുരുവായൂർ ദേവസ്വം കമ്മിഷണർക്ക് സർക്കാരിന്റെ റവന്യൂ (ദേവസ്വം) വകുപ്പിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ വിശദമായ ഠൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കിയിട്ടുണ്ട്. ഗുരുവായൂരിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റ് സഹായം ആവശ്യപ്പെട്ടുകൊണ്ട് 25.10.1999-ൽ കേന്ദ്ര ധനകാര്യ കമ്മിഷന്റെ അനുമതിക്കായി 46 കോടിയോളം രൂപയുടെ ഒരു പ്രോജക്ട് പ്രൊപ്പോസൽ നഗരസഭാ ചെയർപേഴ്സൺ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly